റോഡുകൾ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള നടപടി

42 (1981) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ബി) കുന്നത്തൂർ മണ്ഡലത്തിലെ റോഡ് പണി ഊർജ്ജിതപ്പെടുത്തുവാൻ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ;

(സി) സംസ്ഥാനത്തെ ഏതൊക്കെ വിഭാഗത്തിൽപ്പെടുന്ന റോഡുകളുടെ പണിക്കാണ് വിദേശ വായ്പ ലഭ്യമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) എം.സി. റോഡിനേയും എൻ.എച്ച്. നേയും ബന്ധിപ്പിക്കുന്ന കുന്നത്തൂർ മണ്ഡലത്തിലെ പ്രധാന റോഡിന് പ്രത്യേക പരിഗണന നൽകി വികസിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-ഡി) ദേശീയപാതയിൽ ഉൾപ്പെടുന്ന റോഡുകളുടേയും കുന്നത്തൂർ മണ്ഡലത്തിലെ റോഡുകൾ ഉൾപ്പെടെയുള്ള സംസ്ഥാനത്തെ പി.ഡബ്ലിയു.ഡി. റോഡുകളുടേയും അറ്റകുറ്റപ്പണികൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മുൻഗണനാ ക്രമത്തിൽ നടത്തിവരുന്നു. കൂടാതെ ദേശീയപാതയൊഴിച്ചുള്ള സംസ്ഥാനത്തെ പി.ഡബ്ലിയു.ഡി. റോഡുകളുടെ വിസകനത്തിനായി ലോക ബാങ്ക് ധനസഹായത്തോടെ നടപ്പാക്കിവരുന്ന പദ്ധതി (കെ.എസ്.ടി.പി.) പ്രകാരം 1000 കിലോമീറ്റർ ദൂരം റോഡ് അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനും 600 കി.മീ. റോഡുകൾ അഭിവൃദ്ധിപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

മുൻഗവൺമെന്റിന്റെ കാലത്ത് സ്റ്റേറ്റ് ഹൈവേയായും ഡിസ്ട്രിക്ട് ഹൈവേയായും പ്രഖ്യാപിച്ച റോഡുകൾ

43 (1982) ശ്രീ. ഡി. സുഗതൻ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. എൻ. ശക്തൻ :
ശ്രീ. ടി. യു. രാധാകൃഷ്ണൻ :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ ഗവൺമെന്റിന്റെ കാലത്ത് എത്ര കിലോമീറ്റർ റോഡുകൾ വീതം സ്റ്റേറ്റ് ഹൈവേയായും ഡിസ്ട്രിക്ട് ഹൈവേയായും പ്രഖ്യാപിക്കപ്പെട്ടു ;

(ബി) ഏതെല്ലാം നിയോജക മണ്ഡലങ്ങളിൽകൂടി കടന്നുപോകുന്ന റോഡുകളെയാണ് അന്ന് സ്റ്റേറ്റ് ഹൈവേയായും ഡിസ്ട്രിക്ട് ഹൈവേയായും പ്രഖ്യാപിച്ചത് എന്ന് കാണിക്കുന്ന സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) അന്ന് പ്രസ്തുത നിയോജക മണ്ഡലങ്ങളെ നിയമസഭയിൽ പ്രതിനിധീകരിച്ചിരുന്നത് ഏത് കക്ഷിയിൽപ്പെട്ടവരായിരുന്നു എന്ന് കാണിക്കുന്ന സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാന ഹൈവേകളായി പ്രഖ്യാപിച്ച റോഡുകളുടെ അലൈൻമെന്റ് ഇതുവരെ തീരുമാനിച്ചിട്ടില്ലാത്തതിനാൽ ഇവയുടെ ദൂരം കൃത്യമായി പറയാൻ നിവർത്തിയില്ല. 6061.171 കി.മീ. ദൂരം വരുന്ന റോഡുകൾ ജില്ലാതല റോഡുകളായി പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി & സി) നിയോജക മണ്ഡലം അടിസ്ഥാനത്തിൽ ടി വിവരങ്ങൾ ശേഖരിക്കാറില്ല.

റോഡുകൾക്ക് വീതി കൂട്ടാൻ നടപടി

44 (1983) ശ്രീ. ടി. കെ. ബാലൻ :
ശ്രീ. പി. ജയരാജൻ :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാഷണൽ ഹൈവേയിൽ അപകടസാദ്ധ്യതയുള്ള സ്ഥലങ്ങളിൽ ഡിവൈഡറുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ;

(ബി) എൻ.എച്ച്. 47-ലും എൻ.എച്ച്. 17-ലും ഉണ്ടായിക്കൊണ്ടിരിക്കുന്ന അപകടങ്ങൾ കണക്കിലെടുത്ത് ഈ റോഡുകളുടെ വീതി കൂട്ടാനുള്ള നിർദ്ദേശം കേന്ദ്ര സർക്കാരിന് മുന്നിൽ അവതരിപ്പിക്കുമോ ?

ഉത്തരം

(എ) നടപടി സ്വീകരിക്കുന്നതാണ്.

(ബി) നിർദ്ദേശം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽകൊണ്ടുവരാവുന്നതാണ്.

റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ എന്നിവയുടെ കരാർ വ്യവസ്ഥകൾ

45 (1984) പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. ടി. വി. ചന്ദ്രമോഹൻ :
ശ്രീ. വി. ബാലറാം :
ശ്രീ. എ. പി. അനിൽകുമാർ :
ശ്രീ. ഡി. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ എന്നിവയുടെ പണി പൂർത്തിയാക്കി ഉപയോഗിക്കുവാൻ തുടങ്ങുന്ന തീയതി മുതൽ ഒരു നിശ്ചിത കാലത്തേക്ക് യാതൊരു കേടുപാടുകളോ തകരാറുകളോ ഉണ്ടാകരു തെന്നും അപ്രകാരം സംഭവിച്ചാൽ കരാറുകാരന്റെ റിസ്കിലും കോസ്റ്റിലും

LIBRARY ARCHIVES Kerala Legislative Assembly